**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1724** **29-09-2025 - ൽ മറുപടിയ്ക്ക്**

**കോൾ നിലങ്ങളിൽ നിന്നുള്ള നെല്ലിന്റെ വിളവ്**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. മുരളി പെരുനെല്ലി</td><td colspan="2">ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിൽ നിന്ന് കഴിഞ്ഞ മൂന്നു വർഷം ലഭിച്ച നെല്ലിന്റെ വിളവ് എത്ര വീതമാണെന്ന് വർഷം തിരിച്ച് അറിയിക്കാമോ;</td><td>(എ)</td><td>സപ്ലൈകോ മുഖേന സംഭരിച്ച നെല്ലിന്റെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ മൂന്നു വർഷം ലഭ്യമായ വിളവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br><table><tr><th>വർഷം</th><th>വിളവ് (ടൺ)</th></tr><tr><td>2022-23</td><td>62590.562</td></tr><tr><td>2023-24</td><td>44345.298</td></tr><tr><td>2024-25</td><td>49732.263</td></tr></table></td></tr>
<tr><td>(ബി)</td><td>വിളവ് ലഭിക്കുന്നതിൽ കാലാകാലങ്ങളിലായി കുറവുണ്ടാകുന്നുണ്ടോ; എങ്കിൽ വിളവ് കുറയുന്നതിനുള്ള കാരണങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;</td><td>(ബി)</td><td>ഉണ്ട്. വിളവ് കുറയുന്നതിനുള്ള കാരണം സംബന്ധിച്ച വിഷയത്തിൽ 2024-25 വർഷം കാർഷിക സർവ്വകലാശാല യിലെ ശാസ്ത്രജ്ഞർ (മൾട്ടി ഡിസിപ്ലിനറി ഡയഗ്നോസ്റ്റിക് ടീം) ഫീൽഡ് സന്ദർശനങ്ങളിലൂടെ പഠനം നടത്തി കണ്ടെത്തിയകാരണങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.</td></tr>
<tr><td>(സി)</td><td>വിളവ് കുറയുന്നതുമൂലം കർഷകർ നിലം തരിശിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;</td><td>(സി)</td><td>വിളവ് കുറയുന്നതുമൂലം കർഷകർ നിലം തരിശിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.</td></tr>
<tr><td>(ഡി)</td><td>ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?</td><td>(ഡി)</td><td>വിളവ് കുറയുന്നതുമൂലം കർഷകർ നിലം തരിശിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.</td></tr>
</table>

സെക്ഷൻ ഓഫീസർ